**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - ദുരന്ത നിവാരണ വകുപ്പ് - പ്രളയം 2018 - ഉജ്ജീവന സഹായ പദ്ധതി - ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് മാർഗ്ഗനിർദ്ദേശ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(കൈ) നം.**27/2018/ഡി.എം.ഡി.** തിരുവനന്തപുരം, തീയതി, **17 ഡിസംബർ 2018**

---

പരാമർശം:- 1.സ.ഉ (എം.എസ്) നം. 194/2015/ഡി.എം.ഡി തീയതി 20.05.2015

2. സ.ഉ (എം.എസ്) നം. 343/2015/ഡി.എം.ഡി തീയതി 23.07.2015
3. സ.ഉ (ആർ.റ്റി) നം. 149/2017/ഡി.എം.ഡി തീയതി 18.01.2017
4. സ.ഉ (എം.എസ്) നം. 23/2018/ഡി.എം.ഡി തീയതി 19.09.2018
5. സ.ഉ (എം.എസ്) നം. 627/2018/ഡി.എം.ഡി തീയതി 22.11.2018

**ഉത്തരവ്**

പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി രൂപം നൽകി ഉത്തരവാകുന്നു.

**I.** 2018-ലെ പ്രളയത്തിൽ സർക്കാർ പ്രളയ/ഉരുൾപൊട്ടൽ ബാധിതമായി പ്രഖ്യാപിച്ച 1260 വില്ലേജുകളിലെ ക്ഷീര കർഷകർ, പൗൾട്രി കർഷകർ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾ, കടകൾ (Micro, Small and Medium Enterprises and Shops and Establishments), കിസാൻ ക്രെഡിറ്റ് കാർഡ് ഉടമകൾ എന്നിവർ ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും, സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് താഴെ പറയുന്ന പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്നതാണ്.

**II. ദുരന്ത ബാധിതരെ നിർണയിക്കുന്നതിനുള്ള മാനദണ്ഡം**

a. ക്ഷീര കർഷകർ, പൗൾട്രി കർഷകർ - ദുരന്ത പ്രതികരണ നിധിയിൽ നിന്നും മാനദണ്ഡ പ്രകാരം 2018-ലെ പ്രളയത്തിൽ നഷ്ടപ്പെട്ടതിന് സഹായം നൽകുവാനുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കർഷകർക്കാണ് ഈ സഹായത്തിന് അർഹത.

b. തേനീച്ച കർഷകർ - 2018 ലെ പ്രളയത്തിൽ നഷ്ടം സംഭവിച്ചവർ എന്ന് കൃഷി വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥനോ അദ്ദേഹം ചുമതലപ്പെടുത്തുന്ന അതേ വകുപ്പിലെ ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തുന്ന കർഷകർക്കായിരിക്കും ഈ സഹായത്തിന് അർഹത.

c. അലങ്കാര പക്ഷി കർഷകർ - 2018 ലെ പ്രളയത്തിൽ നഷ്ടം സംഭവിച്ചവർ എന്ന് മൃഗ സംരക്ഷണ വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥനോ അദ്ദേഹം ചുമതലപ്പെടുത്തുന്ന അതേ വകുപ്പിലെ ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തുന്ന കർഷകർക്കായിരിക്കും ഈ സഹായത്തിന് അർഹത.

d. സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾക്കും, കടകൾക്കും (Micro, Small and Medium Enterprises and Shops and Establishments) - സൂചന 4 പ്രകാരം 2018-ലെ പ്രളയത്തിൽ നഷ്ടം സംഭവിച്ചത് എന്ന് വ്യവസായ വകുപ്പ് കണ്ടെത്തിയ സംരംഭകർക്കായിരിക്കും ഈ സഹായത്തിന് അർഹത.

III. മേൽ നിഷ്കർഷിച്ച ദുരന്ത ബാധിതർക്ക്, അവർ ജീവനോപാധി പുനരാരംഭത്തിനായി എടുക്കുന്ന Term Loan-ന്റെ മാർജിൻ മണി ആയി 2 ലക്ഷം രൂപയോ, വായ്പയുടെ 25 ശതമാനമോ, ഏതാണോ കുറവ് ആ തുക സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.

IV. മേൽ നിഷ്കർഷിച്ച ദുരന്ത ബാധിതരിൽ, ജീവനോപാധി പുനരാരംഭത്തിനായി പ്രവർത്തന മൂലധനം (Working Capital) മാത്രം എടുക്കുന്നവർക്ക്, വായ്പയുടെ 25 ശതമാനമോ, 1 ലക്ഷം രൂപയോ, ഏതാണോ കുറവ് അത് മാർജിൻ മണി ആയി ബാങ്കുകൾക്ക് നൽകുന്നതാണ്.

a. മേൽ നിഷ്കർഷിച്ച ദുരന്ത ബാധിതരിൽ, ജീവനോപാധി പുനരാരംഭത്തിനായി പ്രവർത്തന മൂലധനം (Working Capital) മാത്രം എടുക്കുന്നവർക്ക്, അവരുടെ താല്പര്യം അനുസരിച്ച് എടുക്കുന്ന വായ്പാ തുകയിൽ 10 ലക്ഷം രൂപ വരേയ്ക്കും, മാർജിൻ മണിക്ക് പകരം ഒരു വർഷത്തേക്ക് 9% നിരക്കിൽ താങ്ങ്-പലിശ (Interest Subvention) സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്. ഈ സർക്കാർ ഉത്തരവിന് മുൻപായി 2018-ലെ പ്രളയത്തിലെ നഷ്ടത്തിന് പുനരാരംഭ വായ്പ എടുത്തിട്ടുള്ള മേൽപ്പറഞ്ഞ ദുരന്ത ബാധിതർക്കും അവർ എടുത്ത വായ്പയിൽ 10 ലക്ഷം രൂപ വരേയ്ക്കും, ഒരു വർഷത്തേക്ക് 9% നിരക്കിൽ താങ്ങ്-പലിശാ (Interest Subvention) സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.

V. കിസാൻ ക്രെഡിറ്റ് കാർഡ് ഉടമകൾ - ദുരന്ത പ്രതികരണ നിധിയിൽ നിന്നും മാനദണ്ഡ പ്രകാരം 2018-ലെ പ്രളയത്തിൽ നഷ്ടപ്പെട്ടതിന് സഹായം ലഭിച്ച, കിസാൻ കാർഡ് ഉള്ള കർഷകർക്ക് താഴെ പറയുന്ന സഹായം ലഭിക്കും.

a. കൃഷി വായ്പ (Crop Loan) കൃത്യമായി തിരിച്ചടയ്ക്കുന്ന കിസാന് ക്രെഡിറ്റ് കാര്ഡ് ഉടമകൾക്ക് ഈ പദ്ധതി വഴി 4% താങ്ങ്-പലിശ (Interest Subvention) ഒരു വർഷത്തേക്ക് ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്. ഈ സർക്കാർ ഉത്തരവിന് മുൻപായി 2018-ലെ പ്രളയത്തിലെ നഷ്ടത്തിന് കൃഷി (Crop Loan) വായ്പ എടുത്തിട്ടുള്ള കിസാൻ ക്രെഡിറ്റ് കാർഡ് ഉടമകൾക്കും ഈ സഹായം ലഭ്യമാണ്.

VI. ഈ പദ്ധതിയിൽ അർഹരായവർക്ക് വായ്പയുടെ അംഗീകൃത അളവിൽ ഉള്ള മാർജിൻ മണിയോ, താങ്ങ്-പലിശയോ (Interest Subvention) ലഭിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

i. മൃഗ സംരക്ഷണ വകുപ്പ് - ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം 2018-ലെ പ്രളയത്തിൽ മൃഗങ്ങൾ/പൗൾട്രി നഷ്ടപ്പെട്ടതിന് സഹായം നൽകുവാനുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ക്ഷീര കർഷകർ, പൗൾട്രി കർഷകർ എന്നിവരുടെ പേരും, മേൽവിലാസവും, ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഡി.ബി.റ്റി വഴി ദുരിതാശ്വാസ സഹായം ഈ കർഷകർ വാങ്ങിയ ബാങ്ക് അക്കൗണ്ട് നമ്പരും സഹിതം തയ്യാറാക്കിയ ജില്ലാതല പട്ടിക ഇലക്ട്രോണിക് (Excel or Word) ഫോർമാറ്റിൽ ജില്ലാ മൃഗ സംരക്ഷണ ഓഫീസർ ജില്ലാതല ബാങ്കിങ്ങ് കമ്മിറ്റിയുടെ (ഡി.എൽ.ബി.സി) Lead District Manager ക്ക് നൽകേണ്ടതാണ്.

ii. കൃഷി വകുപ്പ് - ദുരന്ത പ്രതികരണ നിധിയിൽ നിന്നും മാനദണ്ഡ പ്രകാരം 2018-ലെ പ്രളയത്തിൽ നഷ്ടപ്പെട്ടതിന് സഹായം നൽകുവാനുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കർഷകരുടെ പേരും, മേൽവിലാസവും, ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഡി.ബി.റ്റി

വഴി ദുരിതാശ്വാസ സഹായം ഈ കർഷകർ വാങ്ങിയ ബാങ്ക് അക്കൗണ്ട് നമ്പരും സഹിതം തയ്യാറാക്കിയ ജില്ലാതല പട്ടിക ഇലക്ട്രോണിക് (Excel or Word) ഫോർമാറ്റിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ ജില്ലാതല ബാങ്കിങ്ങ് കമ്മിറ്റിയുടെ (ഡി.എൽ.ബി.സി) Lead District Manager ക്ക് നൽകേണ്ടതാണ്.

iii. വ്യവസായ വകുപ്പ് - സൂചന 4 പ്രകാരം 2018-ലെ പ്രളയത്തിൽ നഷ്ടം സംഭവിച്ചത് എന്ന് വ്യവസായ വകുപ്പ് കണ്ടെത്തിയ സംരംഭകരുടെ ജില്ലാതല വിശദവിവരങ്ങൾ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ജില്ലാതല ബാങ്കിങ്ങ് കമ്മിറ്റിയുടെ (ഡി.എൽ.ബി.സി) Lead District Manager ക്ക് നൽകേണ്ടതാണ്.

iv. കൃഷി വകുപ്പ് - തേനീച്ച കർഷകർക്ക് കൃഷി വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥനോ അദ്ദേഹം ചുമതലപ്പെടുത്തുന്ന അതേ വകുപ്പിലെ ഉദ്യോഗസ്ഥനോ, 2018-ലെ പ്രളയത്തിലാണ് വായ്പാ അപേക്ഷകനായ കർഷകന്റെ തേനീച്ചകൂടുകളും, തേനീച്ചയും നഷ്ടം നേരിട്ടത് എന്ന് അനുബന്ധമായി നൽകിയിരിക്കുന്ന ഫാറത്തിൽ (ഫോറം 1), ആവശ്യമായ പരിശോധനയ്ക്ക് ശേഷം, ബാങ്കിലേക്ക് സാക്ഷ്യപത്രം നൽകുക.

v. മൃഗ സംരക്ഷണ വകുപ്പ് - അലങ്കാര പക്ഷി കർഷകർക്ക് മൃഗ സംരക്ഷണ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥനോ അദ്ദേഹം ചുമതലപ്പെടുത്തുന്ന അതേ വകുപ്പിലെ ഉദ്യോഗസ്ഥനോ, 2018-ലെ പ്രളയത്തിലാണ് വായ്പാ അപേക്ഷകനായ കർഷകന്റെ അലങ്കാര പക്ഷികൾ/പക്ഷി വളർത്തൽ കേന്ദ്രത്തിന് നഷ്ടം നേരിട്ടത് എന്ന് അനുബന്ധമായി നൽകിയിരിക്കുന്ന ഫാറത്തിൽ (ഫോറം 1), ആവശ്യമായ പരിശോധനയ്ക്ക് ശേഷം, ബാങ്കിലേക്ക് സാക്ഷ്യപത്രം നൽകുക.

**VII.** ഐറ്റം II ൽ നിഷ്കർഷിച്ചിട്ടുള്ള ദുരന്ത ബാധിതരായ തേനീച്ച കർഷകർക്കും, അലങ്കാര പക്ഷി കർഷകർക്കും ഈ പദ്ധതിയിൽ നിന്നും സഹായം ലഭിക്കുവാൻ അനുബന്ധമായി നൽകിയിരിക്കുന്ന *ഫാറം ഒന്ന്* പൂരിപ്പിച്ച് രണ്ട് കോപ്പി അതാത് മേഖലയുടെ ചുമതലയുള്ള വകുപ്പ് തല ഓഫീസർക്ക് അപേക്ഷയായി നൽകുക. വകുപ്പ് തല ഉദ്യോഗസ്ഥന്റെ ആവശ്യമായ പരിശോധനയ്ക്ക് ശേഷം ഈ അപേക്ഷയുടെ താഴെ തന്നെ അദ്ദേഹം നൽകുന്ന ശുപാർശ സഹിതം വായ്പയ്ക്കായി ബാങ്കിനെ സമീപിക്കേണ്ടതാണ്. ജില്ലാതല ഉദ്യോഗസ്ഥൻ/പ്രതിനിധിയുടെ നിശ്ചിത ഫാറത്തിൽ ഉള്ള ശുപാർശ ലഭിച്ച തേനീച്ച കർഷകർക്കും, അലങ്കാര പക്ഷി കർഷകർക്കും ബാങ്കുകൾ വായ്പ അനുവദിക്കേണ്ടതാണ്.

**VIII.** ഐറ്റം II ൽ നിഷ്കർഷിച്ചിട്ടുള്ള ദുരന്ത ബാധിതരായ മറ്റ് കർഷകർക്ക്/സംരംഭകർക്ക് നേരിട്ട് ബാങ്കുകളെ സമീപിക്കാവുന്നതാണ്. കർഷകൻ/സംരംഭകനിൽ നിന്നും നേരിട്ട് അപേക്ഷ ലഭിക്കുന്ന ബാങ്കുകൾ, ഐറ്റം IV (i, ii, iii)ൽ സൂചിപ്പിച്ചരീതിയിൽ വകുപ്പുകളിൽ നിന്നും ലഭിച്ച ദുരന്ത ബാധിതരുടെ പട്ടികയിൽ പ്രസ്തുത അപേക്ഷകൻ ഉണ്ടോ എന്ന് പരിശോധിച്ച് അപേക്ഷകന് അർഹമായ വായ്പ അനുവദിക്കേണ്ടതാണ്.

**IX.** ഈ പദ്ധതിയിൽ അർഹരായവർക്ക്, വായ്പ അനുവദിച്ചതിന് ശേഷം, വായ്പയുടെ അംഗീകൃത അളവിൽ ഉള്ള മാർജിൻ മണിയോ, താങ്ങ്-പലിശയോ (Interest Subvention) സർക്കാരിൽ നിന്നും ലഭിക്കുവാൻ ബാങ്കുകൾ സ്വീകരിക്കേണ്ട നടപടി

a. മാർജിൻ മണി – വായ്പ അപേക്ഷകന് ലഭ്യമാക്കിയ ശേഷം അനുവദനീയമായ മാർജിൻ മണിക്കായി ജില്ല തിരിച്ച്, അനുബന്ധമായി ഫോറം രണ്ടിൽ ചേർത്തിരിക്കുന്ന പട്ടിക പൂരിപ്പിച്ച് സർക്കാരിലേക്ക് [റവന്യൂ (ഡി.ആർ.എഫ്) സെക്രട്ടറിക്ക്] മാർച്ച് 2019 ന് ശേഷം ക്ലെയിം ചെയ്യേണ്ടതാണ്. സർക്കാർ അർഹമായ തുക ബാങ്കുകൾ നിർദേശിക്കുന്ന ബ്രാഞ്ചിലേക്ക് പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതാണ്.

b. താങ്ങ്-പലിശ – ഈ പദ്ധതി പ്രകാരം അനുവദനീയമായ താങ്ങ്-പലിശ, അപേക്ഷകന് വായ്പ വിതരണം ചെയ്ത് ഒരു വർഷത്തിന് ശേഷം ജില്ല തിരിച്ച്,

അനുബന്ധമായി ഫോറം രണ്ടിൽ ചേർത്തിരിക്കുന്ന പട്ടിക പൂരിപ്പിച്ച് സർക്കാരിലേക്ക് [റവന്യൂ (ഡി.ആർ.എഫ്) സെക്രട്ടറിക്ക്] ക്ലെയിം ചെയ്യേണ്ടതാണ്. സർക്കാർ അർഹമായ തുക ബാങ്കുകൾ നിർദേശിക്കുന്ന ബ്രാഞ്ചിലേക്ക് പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകുന്നതാണ്.

**X.** 2019 മാർച്ച് 31 വരെ ഐറ്റം II ൽ നിഷ്കർഷിച്ചിട്ടുള്ള ദുരന്ത ബാധിതർക്ക് ഈ പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**പി.എച്ച് കുര്യൻ**

അഡീഷണൽ ചീഫ് സെക്രട്ടറി

1. കൺവീനർ, സംസ്ഥാന ബാങ്കർമാരുടെ സമിതി (SLBC), SLBC Cell, Canara Bank, Circle Office, Canara Bank Building, MG Road,, Thiruvananthapuram, Kerala 695001
2. കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
3. എല്ലാ ജില്ലാ കളക്ടർമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം.
5. സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ
6. സംസ്ഥാന സഹകരണ ബാങ്ക്
7. ജില്ലാ സഹകരണ ബാങ്കുകൾ
8. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
9. അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ
10. വിവിധ വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും
11. ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
12. എല്ലാ വകുപ്പ മേധാവികൾക്കും
13. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ് മുഖേന)
14. ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
15. വ്യവസായ വകുപ്പ്
16. ധനകാര്യ വകുപ്പ്
17. റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്
18. കൃഷി വകുപ്പ്
19. ക്ഷീര വികസന വകുപ്പ്
20. മൃഗ സംരക്ഷണ വകുപ്പ്
21. സഹകരണ വകുപ്പ്
22. വിവര പൊതുജന സമ്പർക്ക വകുപ്പ്
23. പൊതുഭരണ (എസ്.സി) വകുപ്പ്

24. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

പകർപ്പ്:-

1. ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. എല്ലാ വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
3. ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
4. റവന്യൂ ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
5. ദുരന്ത നിവാരണ (ബി) വകുപ്പ്
6. ദുരന്ത നിവാരണ (എ 4) സീറ്റിന്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

## ഉജ്ജീവന വായ്പാ പദ്ധതി 2018 – ഫോറം ഒന്ന് – വകുപ്പ് തല ശുപാർശ

(തേനീച്ച കർഷകർ/അലങ്കാര പക്ഷി കർഷകർ)

അപേക്ഷാ തീയതി______

ഞാൻ__________________ (പേര്), ______ ആധാർ നമ്പർ ഉള്ള എന്റെ, 2018 ലെ പ്രളയത്തിൽ നഷ്ടം നേരിട്ട ______ നമ്പർ തേനീച്ച കൂട്ടുകൾ ഉള്ള തേനീച്ച കൃഷി/________നമ്പർ അലങ്കാര പക്ഷികൾ ഉള്ള പക്ഷി വളർത്തുകേന്ദ്രം പുനരാരംഭിക്കാൻ ___________ (ബാങ്കിന്റെ പേരും, ബ്രാഞ്ചും) ബാങ്കിൽ നിന്നും ________ രൂപ വായ്പ എടുക്കുവാൻ ആഗ്രഹിക്കുന്നു.

എന്റെ ഈ അപേക്ഷ പരിഗണിച്ച് ഞാൻ 2018 ലെ പ്രളയത്തിൽ നഷ്ടം നേരിട്ട തേനീച്ച കർഷകൻ/അലങ്കാര പക്ഷി കർഷകൻ ആണ് എന്ന് ബാങ്കിലേക്ക് ശുപാർശ നൽകണം എന്ന് അഭ്യർത്ഥിക്കുന്നു.

അപേക്ഷകന്റെ ഒപ്പ്

### വകുപ്പ് തല ഉദ്യോഗസ്ഥന്റെ ശുപാർശ

ശുപാർശ നമ്പർ_______ ശുപാർശ തീയതി_______

__________________ (പേര്), ______ ആധാർ നമ്പർ ഉള്ള കർഷകൻ/സംരംഭകൻ 2018 ലെ പ്രളയത്തിൽ നഷ്ടം നേരിട്ട തേനീച്ച കർഷകൻ/അലങ്കാര പക്ഷി കർഷകൻ ആണ് എന്ന് എനിക്ക് പരിശോധനകളിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഈ വ്യക്തിക്ക് സർക്കാരിന്റെ ഉജ്ജീവന വായ്പ പദ്ധതിയിലൂടെ മേൽ ആവശ്യപെട്ട ഉപജീവന പുനരാരംഭ വായ്പ ലഭ്യമാക്കുവാൻ ഞാൻ ശുപാർശ ചെയ്യുന്നു. സർക്കാർ ഉത്തരവ് നമ്പർ ____________ തീയതി __________ പ്രകാരം, ഈ വായ്പയുടെ സർക്കാർ അംഗീകൃത അളവിൽ ഉള്ള മാർജിൻ മണിയോ, താങ്ങ്-പലിശയോ (Interest Subvention) സർക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതാണ്.

ശുപാർശ നൽകുന്ന ഉദ്യോഗസ്ഥന്റെ കൈഒപ്പ്, പേര്, സീൽ

## ഉജ്ജീവന വായ്പ പദ്ധതി 2018 - ഫോറം രണ്ട്

ബാങ്കുകൾ സർക്കാരിലേക്ക് [റവന്യൂ (ഡി.ആർ.എഫ്) സെക്രട്ടറിക്ക്] നൽകേണ്ടുന്ന പട്ടിക

| നമ്പർ | വായ്പ വാങ്ങിയ ദുരന്ത ബാധിതന്റെ പേര് | ദുരന്ത ബാധിതന്റെ ആധാർ നമ്പർ | ദുരന്ത ബാധിതന്റെ തരം (ഐറ്റം II പ്രകാരം) | വിതരണം ചെയ്ത വായ്പ തുക | ബാങ്കിന് പദ്ധതി പ്രകാരം ലഭിക്കേണ്ട തുക | മാർജിൻ മണിയോ, താങ്ങ് - പലിശയോ |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |

ബാങ്കിന്റെ മേധാവിയുടെ കൈഒപ്പ്, പേര്, സീൽ